"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2022 - അനുബന്ധ പ്രവർത്തനങ്ങൾക്കുള്ള ചെലവ് - ബില്ലുകൾ മാറുന്നതിനായി തുക റിലീസ് ചെയ്യുന്നതിനുള്ള അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1550/2023/LSGD  തീയതി,തിരുവനന്തപുരം, 29-07-2023

---

പരാമർശം:- 
1. സ.ഉ.(സാധാ) നം.301/2022/തസ്വഭവ തീയതി 10/02/2022
2. സ.ഉ.(സാധാ) നം.2484/2022/തസ്വഭവ തീയതി 13/10/2022
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 13/03/2023 ലെ ഫിൻ4-E-120556/18 നമ്പർ കത്ത്.
4. സ.ഉ.(സാധാ) നം.5085/2023/ധന തീയതി 04/07/2023.
5. സ.ഉ.(സാധാ) നം. 1504/2023/തസ്വഭവ തീയതി 22/7/2023.

**ഉത്തരവ്**

2022 ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഏജൻസികൾ മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പരാമർശം (1) പ്രകാരം 78,14,105/- രൂപയുടെ ഭരണാനുമതി നല്കുകയും പരാമർശം (2) ഉത്തരവ് പ്രകാരം 29,66,906/- രൂപ റിലീസ് ചെയ്യുന്നതിനുള്ള അനുമതി നല്കിയും ഉത്തരവായിരുന്നു. തുടർന്ന് 2022 ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ നിർവ്വഹിക്കേണ്ട പ്രവർത്തികൾക്കായി 39,63,863/- രൂപ (28,42,854+4,13,009+7,08,000) (മുപ്പത്തൊൻപത് ലക്ഷത്തി അറുപത്തിമൂവായിരത്തി എണ്ണൂറ്റി അറുപത്തിമൂന്ന് രൂപ മാത്രം) "2217-01-800-94 പ്ലാൻ" എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ജില്ലാ കളക്ടർ അപേക്ഷിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022 ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ നിർവ്വഹിക്കേണ്ട പ്രവർത്തികൾക്കായി അനുവദിക്കണമെന്ന് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്ന 39,63,863/- രൂപ (28,42,854+4,13,009+7,08,000) (മുപ്പത്തൊൻപത് ലക്ഷത്തി അറുപത്തിമൂവായിരത്തി എണ്ണൂറ്റി അറുപത്തിമൂന്ന് രൂപ മാത്രം) പരാമർശം (3) ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി "2217-01-800-94 പ്ലാൻ" എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും റിലീസ് ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

3) 2022 ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പരാമർശം (5) ഉത്തരവ് റദ്ദ് ചെയ്യുന്നു.

4) അധിക ധനാനുമതിയായി ലഭ്യമായ മേൽപരാമർശിത തുക ,മിച്ച തുകയുടെ

ധനപുനർവിനിയോഗം / ഉപ ധനാഭ്യർത്ഥന വഴി നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് ക്രമീകരിക്കുന്നതിനുള്ള നടപടി കൺട്രോളിങ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA2/1/2022/LSGD Part (2))

ഉത്തരവിൻ പ്രകാരം

Signed by
Suja S K
സെക്ഷൻ ഓഫീസർ
Date: 29-07-2023 17:20:46